ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME:** 12.30 PM **DATE:**16.04.2025

## പ്രധാനവാർത്തകൾ

1. വഖഫ് ഭേദഗതി നിയമത്തിനെതിരായ ഹർജികൾ ഇന്ന് സുപ്രീം കോടതി പരിഗണിക്കും.
2. ലഹരി വിരുദ്ധ ക്യാമ്പയിനിൻറെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച മതമേലധ്യക്ഷൻമാരുടെ ഓൺലൈൻ യോഗം തുടങ്ങി; സർവകക്ഷിയോഗം വൈകിട്ട്.
3. മുണ്ടക്കൈ, ചൂരൽമല ദുരന്തബാധിതർക്ക് സർക്കാർ നൽകുന്ന മോഡൽ വീടുകളുടെ നിർമാണപ്രവർത്തനങ്ങൾക്ക് തുടക്കമായി.
4. അനധികൃതമായി സ്വത്ത് സമ്പാദിച്ചെന്ന ആരോപണത്തിൽ എഡിജിപി എം.ആർ.അജിത് കുമാറിനെ കുറ്റവിമുക്തനാക്കിയ വിജിലൻസ് റിപ്പോർട്ട് മുഖ്യമന്ത്രി അംഗീകരിച്ചു.
5. സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ ഇന്ന് വിതരണം ചെയ്യും; ജെ.സി.ഡാനിയേൽ പുരസ്കാരം ഷാജി.എൻ.കരുൺ ഏറ്റുവാങ്ങും.
6. ലോകമെങ്ങുമുള്ള ക്രൈസ്തവർ നാളെ പെസഹ ആചരിക്കും.

&&&&&&&&&&&&&&&&&&&&

RJU TVPM

## വഖഫ് ബിൽ പരിഗണനയിൽ

വഖഫ് ഭേദഗതി നിയമത്തിനെതിരായ ഹർജികൾ ഇന്ന് സുപ്രീം കോടതിയുടെ പരിഗണനയ്ക്കെത്തും. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്നയുടെ നേതൃത്വത്തിൽ മൂന്നംഗ ബെഞ്ചാണ് ഹർജികൾ പരിഗണിക്കുന്നത്. 70 ഹർജികൾ കോടതിയുടെ പരിഗണനയ്ക്കെത്തിയിട്ടുണ്ട്. നിയമഭേദഗതിയെ അനുകൂലിച്ച് BJP ഭരിക്കുന്ന ആറ് സംസ്ഥാന സർക്കാരുകൾ സംപ്രീംകോടതിയെ സമീപിച്ചിട്ടുണ്ട്. ഉച്ചയ്ക്ക് ശേഷം രണ്ടുമണിയോടെ ഹർജികൾ കോടതി പരിഗണിക്കും.

&&&&&&&&&&&&&&&&&&

## വഖഫ് -മുസ്ലീംലീഗ്

വഖഫ് നിയമഭേദഗതി വിഷയത്തിൽ മുസ്‌ലിംലീഗ് സംസ്ഥാന കമ്മിറ്റി സംഘടിപ്പിക്കുന്ന റാലി ഇന്ന് വൈകുന്നേരം കോഴിക്കോട് കടപ്പുറത്ത് നടക്കും. പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ റാലി ഉദ്ഘാടനം ചെയ്യും.

RNU TVPM

&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി - യോഗം

സംസ്ഥാനത്ത്, ലഹരി വിരുദ്ധ ക്യാമ്പയിനിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച മതമേലധ്യക്ഷൻമാരുടെ ഓൺലൈൻ യോഗം ആരംഭിച്ചു. വൈകിട്ട് സർവകക്ഷിയോഗം ഓൺലൈനായി ചേരും.

&&&&&&&&&&&&&&&&&&

## ഓപ്പറേഷൻ ഡി-ഹണ്ട്

പൊതുജനങ്ങൾക്ക് മയക്കുമരുന്ന് സംബന്ധിച്ച വിവരങ്ങൾ അറിയിക്കാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന ആന്റി നർക്കോട്ടിക് കൺട്രോൾ റൂം നിലവിലുണ്ട്. 94 97 92 77 97 എന്ന നമ്പരിൽ ബന്ധപ്പെടാം.

&&&&&&&&&&&&&&&&&&

## വയനാട് - മതൃകാ വീട് (ഇൻട്രോ)

മുണ്ടക്കൈ, ചൂരൽമല ദുരന്തബാധിതർക്കായുള്ള മാതൃക ടൗൺഷിപ്പ് പദ്ധതിയുടെ നിർമാണ പ്രവർത്തനങ്ങൾക്ക് തുടക്കമായി.

വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്......

(വോയിസ്)

RNU TVPM

&&&&&&&&&&&&&&&&&&

## അജിത് കുമാർ - ക്ലീൻ ചിറ്റ്

അനധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട ആരോപണത്തിൽ എഡിജിപി എം.ആർ.അജിത്കുമാറിനെ കുറ്റവിമുക്തനാക്കിയ വിജിലൻസ് റിപ്പോർട്ട് മുഖ്യമന്ത്രി പിണറായി വിജയൻ അംഗീകരിച്ചു. മുൻ എംഎൽഎ പി വി അൻവർ ഉന്നയിച്ച ആരോപണങ്ങളിലാണ് വിജിലൻസ് അന്വേഷണം നടന്നത്.

&&&&&&&&&&&&&&&&&&

## ഐ.എ.എസ് അഴിച്ചുപണി

സംസ്ഥാനത്തെ 12 ഐഎഎസ് ഉദ്യോഗസ്ഥർക്ക് സ്ഥാന മാറ്റം. ശർമിള മേരി ജോസഫിനെ വനിതാ വികസന വകുപ്പിൽ പ്രിൻസിപ്പൽ സെക്രട്ടറിയായും കേശവേന്ദ്ര കുമാറിനെ തദ്ദേശ സ്വയം ഭരണ സെക്രട്ടറിയായും നിയമിച്ചു. എസ് ഹരികിഷോറിന് മുഖ്യമന്ത്രിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി അധിക ചുമതല നൽകി.

&&&&&&&&&&&&&&&&&&

## വീണാ ജോർജ്

സംസ്ഥാനത്തെ 10 ആരോഗ്യ കേന്ദ്രങ്ങൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരങ്ങൾ ലഭിച്ചതായി മന്ത്രി വീണ ജോർജ് അറിയിച്ചു. പത്തനംതിട്ട അടൂർ ജനറൽ ആശുപത്രി, മലപ്പുറം നിലമ്പൂർ ജില്ലാ ആശുപത്രി, കുടുംബാരോഗ്യ കേന്ദ്രങ്ങളായ പാലക്കാട് മരുതറോഡ്, ആലപ്പുഴ താമരകുളം, ഭരണിക്കാവ്, വയനാട് വാഴവറ്റ, കൊല്ലം പുനലൂർ നഗര കുടുംബാരോഗ്യ കേന്ദ്രം, ജനകീയ ആരോഗ്യ കേന്ദ്രങ്ങളായ കൊല്ലം മടത്തറ, മലപ്പുറം അത്താണിക്കൽ, വയനാട് മാടക്കുന്ന് എന്നിവയ്ക്കാണ് നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാന്റേർഡ്സ് അഥവാ എൻ.ക്യു.എ.എസ് ലഭിച്ചത്.

RNU TVPM

&&&&&&&&&&&&&&&&&&

## മുതലപ്പൊഴി -യോഗം

മുതലപ്പൊഴിയിലെ പൊഴിമുഖത്തെ മണൽ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് മന്ത്രി സജി ചെറിയാന്റെ നേതൃത്വത്തിൽ ഇന്ന് യോഗം ചേരും. സെക്രട്ടേറിയറ്റ് അനക്സ് രണ്ടിൽ ഉച്ചക്ക് 2.30 ന് ആണ് യോഗം.

മണൽ നീക്കണമെന്നാവശ്യപ്പെട്ട് പ്രദേശത്ത് ഇന്നും പ്രതിഷേധം തുടരുകയാണ്.

&&&&&&&&&&&&&&&&&&

## <u>കണ്ണൂർ (ഇൻട്രോ)</u>

രാജ്യത്തെ ഏറ്റവും പഴക്കമുള്ള ഫാമുകളിലൊന്നായ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് കരിമ്പം ഫാം ലോകോത്തര നിലവാരമുള്ള ഫാം ടൂറിസ്റ്റ് കേന്ദ്രമാക്കുന്നതിനുള്ള നടപടികൾ തുടങ്ങി.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ല പ്രതിനിധി കെ.ഒ.ശശിധരൻ....

(വോയിസ്)

&&&&&&&&&&&&&&&&&&

RNU TVPM

## <u>ഫിലിം അവാർഡ്</u>

സംസ്ഥാന ചലച്ചിത്ര അവാർഡ് വിതരണം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. വൈകിട്ട് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിലാണ് ചടങ്ങ്. സംസ്ഥാന സർക്കാരിന്റെ പരമോന്നത ചലച്ചിത്ര ബഹുമതിയായ ജെ.സി.ഡാനിയേൽ അവാർഡ് സംവിധായകൻ ഷാജി.എൻ.കരുണിന് സമ്മാനിക്കും.

&&&&&&&&&&&&&&&&&&

## <u>പെസഹാ വ്യാഴം</u>

ലോകമെങ്ങുമുള്ള ക്രൈസ്തവർ നാളെ പെസഹാ ആചരിക്കും. കുരിശുമരണം വരിക്കുന്നതിനു മുൻപായി യേശു ശിഷ്യന്മാരുടെ ഒപ്പം അവസാനമായി അത്താഴം കഴിച്ചതിൻറെയും അതിനു

മുൻപായി അദ്ദേഹം അവരുടെ കാലുകൾ കഴുകിയതിന്റെയും ഓർമ പുതുക്കലാണ് ഈ ദിനം. നാളെ ദേവാലയങ്ങളിൽ വിശുദ്ധ കുർബാനയ്ക്കു പുറമേ പ്രത്യേക പ്രാർത്ഥനകളും കാൽ കഴുകൽ ശുശ്രൂഷയും വീടുകളിൽ പെസഹാ അപ്പം മുറിക്കുന്ന ചടങ്ങും ഉണ്ടാകും.

&&&&&&&&&&&&&&&&&&

## തൃശൂർ (ഇൻട്രോ)

തൃശ്ശൂർ പൂരത്തോടനുബന്ധിച്ച് തെക്കേ സ്വരാജ് റൗണ്ടിൽ നിർമ്മിക്കുന്ന പാറമേക്കാവ് ദേവസ്വത്തിൻ്റെ മണികണ്ഠനാൽ പന്തലിന്റെ കാൽനാട്ടു കർമ്മം നടന്നു.

വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്.....

(വോയിസ്)

&&&&&&&&&&&&&&&&&&

RNU TVPM

## കെ.പി.സി.സി യോഗം

കെ പി സി സി നേതൃയോഗം തിരുവനന്തപുരത്ത് ആരംഭിച്ചു. കെ.പി.സി.സി ഭാരവാഹികളും ഡി.സി.സി പ്രസിഡന്റുമാരും യോഗത്തിൽ പങ്കെടുക്കുന്നു.

&&&&&&&&&&&&&&&&&&

## ഓഹരി -സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 27 പോയിൻറ് നേട്ടത്തിൽ 76,762 ലും ദേശീയ

ഓഹരി സൂചിക നിഫ്റ്റി 18 പോയിൻറ് നേട്ടത്തിൽ 23,346 ലും വ്യാപാരം തുടരുന്നു.

സ്വർണ വിലയിൽ റെക്കോർഡ് വർദ്ധന. പവന് 760 രൂപ വർദ്ധിച്ച് 70,520 രൂപയും ഗ്രാമിന് 95 രൂപ വർദ്ധിച്ച് 8,815 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## കാലാവസ്ഥ

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. മൂന്നാർ, കൊട്ടാരക്കര, ചെങ്ങന്നൂർ, പൊന്നാനി എന്നിവിടങ്ങളിലെ ദുരന്ത നിവാരണ അതോറിട്ടി സ്റ്റേഷനുകളിൽ കഴിഞ്ഞ 24 മണിക്കൂറിൽ അൾട്രാവയലറ്റ് സൂചിക ഉയർന്നതോതിൽ രേഖപ്പെടുത്തി.

RNU TVPM

&&&&&&&&&&&&&&&&&&

## മാസപ്പടി കേസ്

മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ ഉൾപ്പെട്ട കേസിൽ എസ്എഫ്ഐഒ സമർപ്പിച്ച റിപ്പോർട്ടിൽ തുടർ നടപടി സ്വീകരിച്ച എറണാകുളം അഡിഷണൽ സെഷൻസ് കോടതി നടപടി റദ്ദാക്കണം എന്ന് ആവശ്യപ്പെട്ട് സിഎംആർഎൽ ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചു. തങ്ങളുടെ ഭാഗം കേൾക്കാതെയാണ് കോടതി തുടർനടപടിയുമായി മുന്നോട്ടുപോയത് എന്ന് ചൂണ്ടിക്കാട്ടിയാണ് കമ്പനി ഹൈക്കോടതിയെ സമീപിച്ചത്.

&&&&&&&&&&&&&&&&&&

## ആകാശവാണി സംഗീതോത്സവം

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ സ്വാതി തിരുനാൾ സംഗീതോത്സവത്തിൻറെ ഭാഗമായി ഇന്ന് വൈകുന്നേരം സംഗീത കച്ചേരി സംഘടിപ്പിക്കുന്നു. കിഴക്കേക്കോട്ട കാർത്തിക തിരുന്നാൾ ഓഡിറ്റോറിയത്തിലാണ് പരിപാടി. ശ്രീ സ്വാതി തിരുനാൾ സംഗീത സഭയുടെ സഹകരണത്തോടെയാണ് സംഗീതോത്സവം സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&

## മുനമ്പം -ആൻറണി വടക്കേക്കര

അവകാശത്തിന് വേണ്ടിയുള്ള പോരാട്ടമാണ് 186 ദിവസങ്ങളായി മുനമ്പത്ത് നടക്കുന്നതെന്നും നിയമപരമായി മുന്നോട്ട് പോകേണ്ട സാഹചര്യമാണ് ഉള്ളതെന്നും സിറോ മലബാർ സഭ. ശാശ്വത പരിഹാരം ഉണ്ടാകണമെന്നാണ് കേന്ദ്ര - സംസ്ഥാന സർക്കാരുകളോട് അഭ്യർത്ഥിക്കാനുള്ളതെന്നും സഭാ വക്താവ് ഫാദർ ആൻറണി വടക്കേകര പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&&

## ശബരിമല -അപകടം

കോട്ടയം എരുമേലിക്ക് സമീപം പമ്പാവാലി കണമല ആദ്യവളവിൽ ശബരിമല തീർഥാടകർ സഞ്ചരിച്ച ബസ് മറിഞ്ഞ് കർണാടക സ്വദേശി മരിച്ചു. വാഹനത്തിൽ ഉണ്ടായിരുന്ന 32 പേരിൽ 27 പേർക്കും പരിക്കേറ്റു. അഞ്ചു പേരുടെ പരിക്ക് ഗുരുതരം.

&&&&&&&&&&&&&&&&&&

## ആലപ്പുഴ -മരണം

ആലപ്പുഴ അരൂക്കുറ്റി പഞ്ചായത്തിൽ ഇന്നലെ രാത്രി തലയ്ക്കടിയേറ്റ് സ്ത്രീ മരിച്ചു. സംഭവത്തെ തുടർന്ന് ഒളിവിൽപോയ അയൽവാസിയായ യുവാവിനെ കേന്ദ്രീകരിച്ച് പോലീസ് അന്വേഷണം തുടങ്ങി.

&&&&&&&&&&&&&&&&&&

## ചെസ് ടൂർണമെന്റ്

കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര ഫിഡെ റേറ്റഡ് ചെസ് ടൂർണമെൻറ് സമാപിച്ചു. അഞ്ച് ദിവസത്തെ ടൂർണമെന്റിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് 400 മത്സരാർഥികൾ പങ്കെടുത്തു. ചണ്ഡിഗഢിൽ നിന്നുള്ള ഗുസൈൻ ഹിമൽ ഒന്നാം സ്ഥാനം നേടി. തമിഴ്നാട് സ്വദേശി റാം എസ് കൃഷ്ണനാണ് രണ്ടാം സ്ഥാനം. മലയാളിയായ അജിൻ രാജ് മൂന്നാം സ്ഥാനം നേടി.

RNUTVPM

&&&&&&&&&&&&&&&&&&

## ഐ.പി.എൽ

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് രാജസ്ഥാൻ റോയൽസിനെ നേരിടും. ന്യൂഡൽഹി അരുൺ ജെയ്റ്റ്‌ലി സ്റ്റേഡിയത്തിൽ രാത്രി 7:30 നാണ് മത്സരം.

&&&&&&&&&&&&&&&&&&

## പുരസ്കാരം - നാമനിർദ്ദേശങ്ങൾ

കേരളാ പുരസ്കാരങ്ങൾക്ക് നാമനിർദേശങ്ങൾ ക്ഷണിച്ചു. കേരള ജ്യോതി , കേരള പ്രഭ, കേരളശ്രീ വിഭാഗങ്ങളിലെ നാമനിർദേശങ്ങൾ

keralapuraskaram.kerala.gov.in വെബ്സൈറ്റിൽ ജൂൺ 30നകം സമർപ്പിക്കാം.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&

RNU TVPM